**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3658** **27-06-2024 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിൽ ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവകലാശാലകളിൽ ഔദ്യോഗിക വാഹനങ്ങളുടെ ലോഗ് ബുക്കിൽ വിവരങ്ങൾ മറച്ചുവെച്ച് വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നതായ പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സർവ്വകലാശാലകളിലെ ഭരണസമിതി അംഗങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്ക് ഉൾപ്പെടെ, ഔദ്യോഗിക വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പരാതികളിൽ കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭരണസമിതി അംഗങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്ക് വാഹനം ഉപയോഗിച്ചാൽ അതിന് പ്രത്യേകം നിരക്ക് നിശ്ചയിച്ച് സർവകലാശാലാ ഫണ്ടിൽ അടവാക്കുന്ന രീതി കാലിക്കറ്റ് സർവകലാശാലയിൽ നിലവിലുണ്ട്. |
| (സി) | സാങ്കേതിക സർവ്വകലാശാലയിലെ വാഹനങ്ങളുടെ ലോഗ് ബുക്കിൽ യാത്രയുടെ ഉദ്ദേശം വെളിപ്പെടുത്താതെ വ്യാപകമായ രീതിയിൽ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | യാത്രയുടെ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള പ്രധാന വിവരങ്ങൾ രേഖപ്പെടുത്താതെ മറച്ചുവെച്ച ലോഗ് ബുക്ക് രേഖയുടെ അടിസ്ഥാനത്തിൽ, സാങ്കേതിക സർവകലാശാല ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | സാങ്കേതിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങളിലെ ലോഗ് ബുക്കിൽ യാത്രയുടെ ഉദ്ദേശവും യാത്രചെയ്ത ഉദ്യോഗസ്ഥന്റെ വിശദാംശങ്ങളും ഉൾപ്പെടെയുള്ള വിവരങ്ങൾ മറച്ചുവെച്ച് സർവ്വകലാശാല ഫണ്ട് അനുവദിച്ച ഉദ്യോഗസ്ഥനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ